दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

प्रचार व जनसंपरक प्रभाग
PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01/ (PRM -65)/2025-26/PUB

പ്രസ്സ് റിലീസ്

**സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ് (സിബിഐസി) റബ്ബർ ബോർഡിൽ വെച്ച് 'സംവാദ്' സംഘടിപ്പിക്കുന്നു.**

കോട്ടയം
25 ജൂലൈ 2025

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ് (സിബിഐസി)-ന്റെ ഔട്ട്റീച്ച് പ്രോഗ്രാമായ 'സംവാദ്' റബ്ബർബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് 2025 ജൂലൈ 28 ന് രാവിലെ 10:30 ന് സംഘടിപ്പിക്കും. സിജിഎസ്ടി & കസ്റ്റംസ് ചീഫ് കമ്മീഷണർ എസ്. കെ. റഹ്മാൻ ഐ.ആർ.എസ് ചടങ്ങിൽ റബ്ബർവ്യവസായമേഖലയിൽ നിന്നുള്ളവരെ അഭിസംബോധന ചെയ്യും. സിബിഐസി ഉദ്യോഗസ്ഥരായ ഡോ. ടി. ടിജു ഐ.ആർ.എസ്., ഡോ. കെ. കാളിമുത്തു ഐ.ആർ.എസ്., ഗുർകരൻ സിംഗ് ബെയിൻസ് ഐ.ആർ.എസ്. എന്നിവരും പരിപാടിയിൽ പങ്കെടുക്കും. ജിഎസ്ടി യുമായി ബന്ധപ്പെട്ട് സാമ്പത്തികകാര്യങ്ങൾ, നികുതി തുടങ്ങിയ വിഷയങ്ങളിൽ സാക്ഷരത പ്രചരിപ്പിക്കുന്നതോടൊപ്പം ഈ വിഷയത്തിലുള്ള ആശങ്കകൾ പരിഹരിക്കുക, പുതിയ വിവരങ്ങൾ പങ്കിടുക എന്നീ ലക്ഷ്യങ്ങളോടെയാണ് സിബിഐസി സംവാദ് സംഘടിപ്പിക്കുന്നത്.

പ്രാദേശികതലങ്ങളിൽ റബ്ബർവ്യവസായസമൂഹവുമായി ഇടപഴകാനും ജിഎസ്ടി, കസ്റ്റംസ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും ഈ പരിപാടി ലക്ഷ്യമിടുന്നു. എച്ച് എസ് കോഡ് 4001 പ്രകാരം തരംതിരിച്ചിരിക്കുന്ന പ്രകൃതിദത്തറബ്ബറിന് നിലവിൽ അഞ്ച് ശതമാനം ജിഎസ്ടി നിരക്ക് ബാധകമാണ്. എന്നാൽ റബ്ബറുത്പന്നങ്ങൾക്കും അവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കൾക്കും മറ്റും വ്യത്യസ്ത നികുതിനിരക്കാണ് ഈടാക്കുന്നത്. ഇത് പലപ്പോഴും ആശങ്കകൾക്ക് കാരണമാകുന്നു. ഈ മേഖലയിലെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും പ്രാധാന്യം വലുതാണ്.

2024-25 ൽ ഇന്ത്യ 1069.04 മില്യൺ യുഎസ് ഡോളർ മൂല്യമുള്ള പ്രകൃതിദത്തറബ്ബർ ഇറക്കുമതി ചെയ്യുകയും 4563.31 മില്യൺ യുഎസ് ഡോളർ മൂല്യമുള്ള റബ്ബറുത്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്തു. ഈ കണക്കുകൾ രാജ്യത്തെ വ്യാപാര, സാമ്പത്തിക രംഗത്ത് റബ്ബർമേഖലയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നു. റബ്ബർവ്യവസായവുമായി ബന്ധപ്പെട്ട് ജിഎസ്ടി, കസ്റ്റംസ് വിഷയങ്ങളിൽ നിലവിലുള്ള വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും 'സംവാദ്' സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)